**പതിനാലാം കേരളനിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2160** 18/07/2016 -ൽ മറുപടിയ്ക്ക്

**വിദ്യാഭ്യാസ വകുപ്പിന്റെ പരീക്ഷാ നടത്തിപ്പുകളിലുണ്ടായ പ്രശ്നങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ.ശശി | ശ്രീ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) കഴിഞ്ഞ യു.ഡി.എഫ് ഭരണ കാലത്ത് വിദ്യാഭ്യാസ വകുപ്പ് നടത്തിയ എസ്.എസ്.എൽ.സി തുടങ്ങി, മറ്റ പരീക്ഷാ നടത്തിപ്പുകളിലും, റിസൾട്ട് പ്രഖ്യാപനത്തിലും വന്ന വീഴ്ചകൾ മൂലം പരീക്ഷാർത്ഥികൾക്കുണ്ടായ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ പ്രശ്നങ്ങൾ എന്തെല്ലാമാണെന്നും ഇതിനുത്തരവാദികളായ ഉദ്യോഗസ്ഥർ ആരെല്ലാം എന്നും എന്തു നടപടികൾ നാളിതുവരെ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ; | (ബി) 2015 വർഷത്തെ എസ് എസ് എൽ സി പരീക്ഷാ റിസൾട്ട് പ്രഖ്യാപനത്തിൽ ചില സാങ്കേതിക പിഴവുകൾ സംഭവിച്ചിട്ടുണ്ടായിരുന്നു. ചില ക്യാമ്പുകളിൽ നിന്നും മാർക്ക് അപ് ലോഡ് ചെയ്ത പ്രോഗ്രാമിലെ ചില സാങ്കേതിക തകരാറുകൾ മൂലം പൂർണ്ണമായി സർവറിൽ ലഭിച്ചില്ല. ഇവ പിന്നീട് ക്യാമ്പ് ഓഫീസറിൽ നിന്നും ശേഖരിച്ച് 24.04.2015 ന് ഫലം പ്രഖ്യാപിച്ചു. സമയബന്ധിതമായി ചില സ്കൂളുകളിൽ നിന്നും ഗ്രേസ് മാർക്ക് അപ് ലോഡ് ചെയ്തിരുന്നില്ല. ആയവ ലഭിച്ച മുറയ്ക്ക് പരീക്ഷാ ഭവനിൽ എൻട്രി നടത്തിയാണ് രണ്ടാമത്തെ ഫലം പ്രഖ്യാപിച്ചത്.<br>2015 മാർച്ചിലെ എസ് എസ് എൽ സി പരീക്ഷ സമയത്തെ പരീക്ഷാ ഭവൻ സെക്രട്ടറി ശ്രീ.എം.ഐ. സുകുമാരൻ, സിസ്റ്റം മാനേജർ ആയിരുന്ന ശ്രീമതി.ജെ.പി.ബെനിത, എസ് എസ് എൽ സി പരീക്ഷയുമായി ബന്ധപ്പെട്ട 'എ 1' സെക്ഷൻ ക്ലാർക്ക് |

ശ്രീ.റ്റി.സന്തോഷ് കുമാർ, എ വിഭാഗം സൂപ്രണ്ട് ശ്രീമതി.ശ്രീകല.ബി, വിവിധ പരീക്ഷാ വാല്യൂവേഷൻ സെന്ററുകളിലെ ക്യാമ്പ് ഓഫീസർമാർ, ഡെപ്യൂട്ടി ക്യാമ്പ് ഓഫീസർമാർ, സ്കോർ സൂപ്പർവൈസർമാർ എന്നിവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചു വരുന്നു.

1.പരീക്ഷാഭവനിലെ മുൻ സെക്രട്ടറിയായിരുന്ന ശ്രീ.എം.ഐ.സുകുമാരൻ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ സർക്കാർ തലത്തിൽ അച്ചടക്ക നടപടികൾ സ്വീകരിച്ചുവരുന്നു.

2. പരീക്ഷാ ഭവനിലെ സിസ്റ്റം മാനേജരായിരുന്ന ശ്രീമതി.ജെ.പി. ബെനിതയെ ടിയാളുടെ മാതൃസ്ഥാപനമായ ഹയർ സെക്കണ്ടറി വകുപ്പിലേക്ക് തിരിച്ചയച്ചു. ടിയാൾക്കെതിരെ ശിക്ഷാനടപടിയുടെ ഭാഗമായി ടിയാളുടെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലത്തോടെ താല്ക്കാലികമായി തടഞ്ഞ് കൊണ്ട് കാരണം കാണിക്കൽ നോട്ടീസ് ടിയാൾക്ക് നൽകി മറുപടി ലഭ്യമാക്കുന്നതിനായി ഹയർ സെക്കണ്ടറി വകുപ്പ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

3. വാല്യൂവേഷൻ സെന്ററുകളിലെ ക്യാമ്പ് ഓഫീസർമാർ, ഡെപ്യൂട്ടി ക്യാമ്പ് ഓഫീസർമാർ, സ്കോർ സൂപ്പർവൈസർമാർ, എന്നിവർക്കെതിരായ അച്ചടക്കനടപടിയുമായി ബന്ധപ്പെട്ട് ചാർജ്ജ് മെമ്മോകൾ നൽകുകയും ആയതിന്മേൽ ഇവർ സമർപ്പിച്ച വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പരീക്ഷാഫലം പുനഃപ്രസിദ്ധീകരിക്കേണ്ടി വന്ന സാഹചര്യം പരീക്ഷാഭവനിൽ സംഭവിച്ച വീഴ്ചകളാണെന്ന് കണ്ടെത്തി. പരീക്ഷാ ഭവനിലെ ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്ക്, ശ്രീ.റ്റി.സന്തോഷ് കുമാർ,

സൂപ്രണ്ട് ശ്രീമതി.ശ്രീകല.ബി എന്നിവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിരുന്നു.

4. ശ്രീ.റ്റി.സന്തോഷ് കുമാർ, ശ്രീമതി.ശ്രീകല.ബി എന്നിവർക്കെതിരായ ശിക്ഷാനടപടിയുടെ ഭാഗമായി ഇവരുടെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫല പ്രാബല്യത്തോടെ താല്ക്കാലികമായി തടഞ്ഞ് കൊണ്ട് ഇവർക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകി . അച്ചടക്ക നടപടി സ്വീകരിച്ച് വരുന്നു.

(സി) കഴിഞ്ഞ സർക്കാർ കാലയളവിൽ എസ്.എസ്.എൽ.സി ഉൾപ്പെടെയുള്ള പരീക്ഷയ്ക്ക് വേണ്ടിയുള്ള ചോദ്യ പേപ്പർ അച്ചടിച്ചത് എവിടെയായിരുന്നു എന്നും അതുമായി ബന്ധപ്പെട്ടുണ്ടായ പ്രശ്നങ്ങൾ എന്തെല്ലാം എന്നും ആയതു സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നും അവയുടെ നിലവിലെ അവസ്ഥയെന്താണ് എന്നും വ്യക്തമാക്കുമോ;

(സി) ചോദ്യ പേപ്പർ അച്ചടിക്കുന്നത് രഹസ്യ സ്വഭാവം ഉള്ളതാണ്. 2015 മാർച്ച് മാസത്തിലെ എസ് എസ് എൽ സി പരീക്ഷയുമായി ബന്ധപ്പെട്ട് ഓൺലൈനായി നടത്തുന്ന ഐ ടി വിഷയത്തിന് ചോദ്യപേപ്പർ അച്ചടിച്ചത് മൂലം സർക്കാരിന് നഷ്ടം സംഭവിച്ചിരുന്നു. ഈ വിഷയവുമായി ബന്ധപ്പെട്ട് കേസുകൾ ഒന്നും തന്നെ രജിസ്റ്റർ ചെയ്തിട്ടില്ല.

(ഡി) ഇതുമായി ബന്ധപ്പെട്ട കുറ്റാരോപിതരും കുറ്റവാളികളുമായ ഉദ്യോഗസ്ഥർ ആരെല്ലാം എന്ന് വ്യക്തമാക്കുമോ?

(ഡി) ഈ വിഷയവുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ സീനിയർ ഫിനാൻസ് ഓഫീസർ അന്വേഷണം നടത്തുകയും അന്വേഷണ റിപ്പോർട്ട് പ്രകാരം ടി കാലയളവിൽ പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ പരീക്ഷാ സെക്രട്ടറി ആയിരുന്ന ശ്രീ.എം.ഐ.സുകുമാരൻ, ജോയിന്റ് കമ്മീഷണർ ആയിരുന്ന ശ്രീമതി. എൻ.ഐ.തങ്കമണി, ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്ക് ശ്രീ.റ്റി.സന്തോഷ് കുമാർ, സെക്ഷൻ സൂപ്രണ്ട് ശ്രീമതി.ബി.ശ്രീകല എന്നിവർ കുറ്റക്കാരെന്ന് കണ്ടെത്തുകയും ചെയ്തിരുന്നു.

Sreedevi

സെക്ഷൻ ഓഫീസർ